

THURSDAY 16-06-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/06/2022.

1. 2022-23 സാമ്പത്തിക വർഷം സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം കർഷകർക്ക് വിതരണം ചെയ്യുന്നതിന് 30 കോടി രൂപ അനുവദിച്ചതായി കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് അറിയിച്ചു. പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ള കർഷകർക്ക് ഡിബിറ്റി (DBT) മുഖേന നേരിട്ട് അവരുടെ അക്കൗണ്ടിൽ ആനുകൂല്യം നൽകുന്നതാണ്. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിള നാശത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് കൃഷിവകുപ്പ് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത്. എല്ലാ കർഷകരും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകണമെന്നും കൃഷിമന്ത്രി ആവശ്യപ്പെട്ടു.

2. 2021-22 വർഷത്തിൽ മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും മികച്ച കർഷകർക്കും സംരംഭകർക്കും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. ജില്ലാതലത്തിൽ മികച്ച ക്ഷീര കർഷകനും മികച്ച സമ്മിശ്ര കർഷകനുമാണ് അവാർഡ് നൽകുന്നത്. അപേക്ഷാഫോം ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ഈ മാസം 18-ന് (ജൂൺ 18) മുമ്പായി അതാത് മൃഗാശുപത്രികളിൽ കർഷകർ എത്തിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയുടെയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെയും ഖാരിഫ് 2022 സീസണിലേക്കുള്ള വിജ്ഞാപനമായി. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയിൽ വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കരിമ്പ്, ഏലം, കുരുമുളക്, ജാതി, കൊക്കോ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, പച്ചക്കറികൾ എന്നീ വിളകളാണ് ഇടുക്കി ജില്ലയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. പദ്ധതിയിൽ ചേരേണ്ട അവസാന തീയതി ജൂലൈ 11 ആണ്. കർഷകർക്ക് www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും ഇൻഷ്വറൻസ് ബ്രോക്കർ പ്രതിനിധികൾ, മൈക്രോ ഇൻഷ്വറൻസ് പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാം. വിജ്ഞാപിത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ പദ്ധതിയിൽ ചേർക്കണം. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാറിന്റെ കോപ്പി, നികുതി രസീതിന്റെ കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, പാട്ടത്തിൽ കൃഷി ചെയ്യുന്ന കർഷകരാണെങ്കിൽ പാട്ടക്കരാർ കോപ്പി എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ, അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് ഓഫീസുമായോ, **0471-2334493** എന്ന ഫോൺ നമ്പരിലോ, **1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. പൂക്കോട് കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിലേക്കായി ഇന്ന് (16/06/2022) നിശ്ചയിച്ചിരിക്കുന്ന ഇന്റർവ്യൂ ഹർത്താൽ പ്രഖ്യാപിച്ചതിനാൽ ഈ മാസം **24-ലേക്ക്** (24/06/2022) മാറ്റിവച്ചതായി പബ്ലിക് റിലേഷൻസ് ഓഫീസർ അറിയിക്കുന്നു.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂൺ 16) രാവിലെ 11 മണിക്ക് **ഏലം കൃഷിയിലെ കീട രോഗ നിയന്ത്രണ മാർഗങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈ മാസം 20,21 (ജൂൺ 20,21) തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്തിട്ടുള്ളവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്കാണ്

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0473-4299869, 9495390436, 9656936426** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22, 23 (22/06/22,23/06/22 ) തീയതികളിൽ രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469 2965535** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടോ, **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. ചെങ്ങന്നൂർ സെന്റട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം **23-ന് കാടവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

### കാർഷിക നിർദ്ദേശങ്ങൾ

10. വെള്ളരിവർഗ വിളകളിലെ ചൂർണ്ണ പൂപ്പിനെ നിയന്ത്രിക്കാനായി 20ഗ്രാം അല്ലെങ്കിൽ 5മില്ലി ലിറ്റർ ട്രൈക്കോഡെർമ ലായനി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഇലകളുടെ പ്രതലത്തിൽ വീഴത്തക്ക വിധം തളിക്കുക. രോഗം കൂടിവരുന്ന സാഹചര്യത്തിൽ ടെബുകൊണാസോൾ 1.5 മില്ലി/ലിറ്റർ എന്ന തോതിൽ രണ്ടാഴ്ച്ച കൂടുമ്പോൾ കുറഞ്ഞത് മൂന്നു തവണയെങ്കിലും തളിച്ചുകൊടുക്കുക.

11. പയറിന്റെ കരിവള്ളിക്കേടും മുളകിന്റെ ആന്ത്രാക്നോസിനും മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനി ചെടിയിൽ തളിച്ചു കൊടുക്കുക. അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിതളിച്ച് കൊടുക്കുകയോ കാർബെൻഡാസിം - മാങ്കോസെബിന്റെയും മിശ്രിതം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടിയിൽ തളിച്ച് കൊടുക്കുകയോ ചെയ്യുക.